# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2715 — 17.10.2016 ൽ മറുപടിയ്ക്ക്

## അബ്ദുൾ കരീം വധം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോർജ് എം. തോമസ് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) താമരശ്ശേരി സ്വദേശി അബ്ദുൾ കരീമിന്റെ വധവുമായി ബന്ധപ്പെട്ട് പ്രത്യേക സംഘത്തെകൊണ്ട് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ഖദീജ ഉമ്മ W/o കാദിരി ഹാജി, എരഞ്ഞോണ (H) , അടിവാരം പി.ഒ., പുതുപ്പാടി എന്നയാളുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി കേസ് അന്വേഷണത്തിനായി CBCID HHW-III Wayanad Sub unit ലെ ഡി.വൈ.എസ്.പി.യുടെ കീഴിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുള്ളതും പ്രസ്തുത കേസ് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നതുമാകുന്നു. (CBCID Crime No.58/ HHW-III/KKD/2014) |
| (സി) കേസിന്റെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ; | (സി) കണ്ടെടുത്ത ശരീരാവശിഷ്ടം ഡി.എൻ.എ ടെസ്റ്റ് നടത്തിയതിൽ, ആയത് മരണപ്പെട്ട അബ്ദുൾ കരീമിന്റേതല്ലെന്ന് വെളിവായതിനാൽ സമഗ്രമായ തുടരന്വേഷണം നടത്തി വരുന്നു. |
| (ഡി) അബ്ദുൾ കരീം വധം പ്രത്യേകാന്വേഷണ സംഘത്തെക്കൊണ്ട് പുനരന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) പുനഃരന്വേഷണം നടത്തണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ